# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 17.01.2026

## സന്നിധാനത്ത് കളമെഴുത്തിന് നാളെ (ജനുവരി 18) സമാപനം

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്ത് നടക്കുന്ന കളമെഴുത്തിന് നാളെ (ജനുവരി 18) സമാപനം. മാളികപ്പുറം മണിമണ്ഡപത്തിൽ മകരസംക്രമ ദിനം മുതൽ അഞ്ച് ദിവസത്തേയ്ക്കാണ് കളമെഴുത്ത്. അയ്യപ്പന്റെ ബാല്യം, കൗമാരം, യൗവനം, കർമപൂർത്തീകരണം, ധർമശാസ്താവിലേക്കുള്ള പരിണാമം എന്നിവയാണ് കളത്തിൽ. ആദ്യ ദിനത്തിൽ ബാലമണികണ്ഠവേഷം, തുടർന്ന് വില്ലാളിവീരൻ, രാജകുമാരൻ, ഇന്ന് (ജനുവരി 17) പുലിവാഹനൻ, സമാപന ദിനമായ ജനുവരി 18 ന് തിരുവാഭരണ വിഭൂഷിതനായ ധർമശാസ്താവിനെയുമാണ് കളമെഴുതുന്നത്.

റാന്നി കുന്നയ്ക്കാട്ട് കുറുപ്പുമാരുടെ കുടുംബത്തിനാണ് കളമെഴുതുന്നതിനുള്ള അവകാശം. രതീഷ് അയ്യപ്പകുറുപ്പ്, അജിത് ജനാർദന കുറുപ്പ്, ജയകുമാർ ജനാർദനകുറുപ്പ് എന്നിവർ നേതൃത്വം നൽകുന്നു. പന്തളം കൊട്ടാരത്തിൽ നിന്ന് കളമെഴുത്തിനുള്ള പ്രകൃതിദത്തമായ നിറങ്ങൾ നൽകുന്നു. മഞ്ഞൾ, ഉമിക്കരി, വാകപ്പൊടി, മഞ്ഞളും ചുണ്ണാമ്പും ചേർത്തുള്ള സിന്ദൂരം എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കളമെഴുത്തിന് ശേഷം സന്നിധാനത്തേയ്ക്ക് എഴുന്നള്ളത്ത്. തുടർന്ന് പതിനെട്ടാം പടിക്ക് താഴെയുള്ള നിലപാട് തറയിൽ നിന്ന് തെക്കോട്ട് നോക്കി നായാട്ടുവിളിക്കും. അവസാന ദിനമായ നാളെ (ജനുവരി 18) കളമെഴുതിയതിന് ശേഷം ശരകുത്തിയിലേക്ക് എഴുന്നള്ളി നായാട്ട് വിളിക്കും. മകരവിളക്ക് മഹോത്സവ വേളയിൽ കാട്ടിലേക്ക് മടങ്ങിയ അയ്യപ്പസ്വാമിയുടെ കാവലാളുകളായ മലദൈവങ്ങളെയും

ഭൂതഗണങ്ങളെയും തിരിച്ച് സന്നിധാനത്തേയ്ക്ക് കൂട്ടികൊണ്ടു വരുന്നു എന്നതാണ് സങ്കൽപം. ശരംകുത്തിയിൽ നിന്ന് തീവെട്ടിയും മേളവുമില്ലാതെ നിശബ്ദമായാണ് മടക്കം. തിരിച്ച് മാളികപുറത്തെത്തി കളം മായ്ക്കും. തുടർന്ന് മാളികപ്പുറം മേൽശാന്തി, നായാട്ടുവിളി സംഘം, തിരുവാഭരണ പേടകവാഹക സംഘം എന്നിവർക്ക് മണിമണ്ഡപം പൂജാരിമാർ കിഴിപ്പണം നൽകുന്നതോടെ ചടങ്ങ് അവസാനിക്കും.

## ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ ശബരിമല സന്ദർശിച്ചു

ലക്ഷദ്വീപ്, ദാദ്ര ആന്റ് നഗർ ഹവേലി ആന്റ് ദാമൻ ആന്റ് ദിയു അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ ശബരിമല സന്ദർശിച്ചു. ജനുവരി 17 ന് രാവിലെ കൊച്ചിയിൽ നിന്ന് ഹെലികോപ്ടറിൽ നിലയ്ക്കലെത്തിയ അദ്ദേഹം പമ്പ ഗണപതി ക്ഷേത്രത്തിലെത്തി മാലയിട്ട് കെട്ട് നിറച്ചു. അഡ്മിനിസ്ട്രേറ്റർക്ക് പുറമെ ലക്ഷദ്വീപ് കലക്ടർ ഡോ. ഗിരിശങ്കർ, ദാമൻ കലക്ടർ സൗരഭ് മിശ്ര, സുഹൃത്ത് ഹർഷദ് കുമാർ പട്ടേൽ എന്നിവരും ഒപ്പമുണ്ടായിരുന്നു. കാൽനടയായി മല ചവിട്ടി. ശബരിമല എഡിഎം അരുൺ എസ് നായരുടെ നേതൃത്വത്തിൽ സന്നിധാനത്ത് സ്വീകരിച്ചു. പതിനെട്ടാം പടി കയറി ഭഗവാനെയും ഉപദേവന്മാരെയും തൊഴുത് മാളികപ്പുറവും സന്ദർശിച്ചു. സന്നിധാനം അതിഥി മന്ദിരത്തിൽ വിശ്രമിച്ച് ഉച്ചയൂണിന് ശേഷം മലയിറങ്ങി. ആദ്യമായാണ് പ്രഫുൽ പട്ടേൽ സന്നിധാനെത്തുന്നത്. ഒന്നര വർഷം മുമ്പ് ഗുരുവായൂർ ക്ഷേത്രം സന്ദർശിച്ചിരുന്നു.

## നെയ്യഭിഷേകം ഇന്നും (ജനുവരി 18) കൂടി

ശബരിമല മണ്ഡല മകര വിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഭഗവാനുള്ള നെയ്യഭിഷേകം ഇന്ന് (ജനുവരി 18) രാവിലെ 11 ന് അവസാനിക്കും. തുടർന്ന് പന്തളം രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ കളഭാഭിഷേകം നടക്കും. ദീപാരാധനയ്ക്ക് ശേഷം പടിപൂജയുണ്ട്. രാത്രി കളമെഴുത്തും വിളക്കെഴുന്നള്ളിപ്പും.

ശരംകുത്തിയിലേക്കാണ് എഴുന്നള്ളിപ്പ്. ജനുവരി 19 ന് കുറച്ച് ദ്രവ്യങ്ങളുടെ അഭിഷേകം മാത്രമാണ് ഉണ്ടാവുക. അന്ന് രാത്രി വരെയാണ് ഭക്തർക്ക് ദർശനം. രാത്രി അത്താഴപൂജയ്ക്ക് ശേഷം പന്തളം രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ മാളികപ്പുറത്ത് ഗുരുതി നടക്കും. ഭഗവാന്റെ ഭൂതഗണങ്ങൾക്കും മലദൈവങ്ങൾക്കുമാണ് ഗുരുതി. ജനുവരി 20 ന് രാജപ്രതിനിധിക്ക് മാത്രമാണ് ദർശനം. ഗണപതിഹോമത്തിന് ശേഷം ശബരിമല മേൽശാന്തി അയ്യപ്പ വിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി ഹരിവരാസനം ചൊല്ലി നട അടയ്ക്കും. തിരുവാഭരണ പേടകം വഹിച്ച് പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലേക്കുള്ള തിരുവാഭരണഘോഷ യാത്രയും രാവിലെ ആരംഭിക്കും.

## സംതൃപ്തിയോടെ ഭക്തർ മല ഇറങ്ങിയതായി ശബരിമല, മാളികപ്പുറം മേൽശാന്തിമാർ

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനെത്തിയ ഭക്തരെല്ലാം സംതൃപ്തിയോടെയാണ് മടങ്ങിയതെന്ന് ശബരിമല മേൽശാന്തി ഇ ഡി പ്രസാദ് നമ്പൂതിരിയും മാളികപ്പുറം മേൽശാന്തി എം ജി മനു നമ്പൂതിരിയും. വളരെ ഭംഗിയായി മണ്ഡല മകരവിളക്ക് ഉത്സവം നടന്നു. സുഖദർശനം ലഭിച്ച സന്തോഷത്തോടെയാണ് തീർഥാടകർ മടങ്ങിയത്. അധികനേരം കാത്തുനിൽക്കാതെ ഭക്തർക്കെല്ലാം ദർശനം സൗകര്യം ഉറപ്പായി. അയ്യപ്പനോടുള്ള നിഷ്കാമഭക്തി തെളിയിക്കുന്നതാണിത്. ദേവസ്വം ബോർഡ്, പൊലിസ്, റവന്യു, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ ഏകോപനമായ പ്രവർത്തനം കാര്യങ്ങൾ എളുപ്പമാക്കി. അയ്യപ്പന്റെ അനുഗ്രഹത്തോടെ മറ്റൊരു മണ്ഡല മകരവിളക്ക് തീർഥാടനകാലം സമാപിക്കുന്നതായി എം ജി മനു നമ്പൂതിരി പറഞ്ഞു. എല്ലാ ഭക്തരും സംതൃപ്തമായ ദർശനം നടത്തി. ദേവസ്വം ബോർഡും വിവിധ വകുപ്പുകളും പൂർണ പിന്തുണ നൽകിയതിന്റെ ഫലമാണിതെന്നും അദ്ദേഹം പറഞ്ഞു.